## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത 144-ാം നമ്പർ ചോദ്യം 11.06.2012 -ലെ മറുപടിക്ക്**

**2011-12 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ ധനസമാഹരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. ബേബി | ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം.മാണി |
| (എ) ഈ സർക്കാരിന്റെ 2011-12 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ധനസമാഹരണ ലക്ഷ്യവും നേട്ടവും വിശദമാക്കാമോ; | (എ)2011-12 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ധനസമാഹരണ ലക്ഷ്യവും പ്രാഥമിക കണക്കുകളെ അടിസ്ഥാനപ്പെടുത്തിയുള്ള നേട്ടവും ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ) |

| | | 2011-12 വർഷത്തേയ്ക്ക് അംഗീകരിച്ച എസ്റ്റിമേറ്റ് | 2011-12 വർഷത്തിൽ കൈവ രിച്ച നേട്ടം ((പ്രാഥമിക കണക്കുകൾ) |
|---|---|---|---|
| I | സംസ്ഥാനത്തിന്റെ തനത് ധനസമാഹരണം | (-) 3392.41 | (-) 692.56 |
| (എ) | നടപ്പു വർഷത്തിലെ റവന്യൂ അക്കൗണ്ടിൽ നിന്നുള്ള നീക്കിയിരിപ്പ് | (-) 3643.30 | (-) 4162.13 |
| (ബി) | പലവക മൂലധന വരവ് | (-) 184.97 | (+) 3079.06 |
| (സി) | പ്ളാൻ ഗ്രാന്റുകൾ ((13-ാം ധനകാര്യ കമ്മിഷൻ) | (+) 435.86 | (+) 390.51 |
| II | സംസ്ഥാനത്തിന്റെ പൊതു കടമെടുപ്പ് (തനി) | 10418 | 8574.96 |
| III | കേന്ദ്ര സഹായം) | 1480.36 | 855.80 |
| IV | കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ വിഹിതം | 1000 | 669.28 |

| | | | |
|---|---|---|---|
| V | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം | 2504.05 | 2459.24 |
| | **മൊത്തം തുക** | **12010** | **11866.76** |

| | |
|---|---|
| (ബി) പദ്ധതിയുടെ അടങ്കൽ എത്ര ആയിരുന്നു; പ്രതീക്ഷിച്ച കേന്ദ്ര പ്രത്യേക സഹായം എത്രയായിരുന്നു; യഥാർത്ഥത്തിൽ എന്തു തുക ലഭിച്ചു ; | (ബി) 2011-12 സാമ്പത്തിക വർഷത്തെ പദ്ധതിയടങ്കൽ 12010 കോടി രൂപയായിരുന്നു. ഇതിൽ സാധാരണ കേന്ദ്രസഹായം, വിദേശ സഹായ പദ്ധതികൾക്കുള്ള അധിക കേന്ദ്രസഹായം, മറ്റു അധിക കേന്ദ്രസഹായം എന്നീ ഇനങ്ങളിലായി 1480.36 കോടി രൂപ പ്രതീക്ഷിച്ചിരുന്നു. പ്രാഥമിക കണക്കനുസരിച്ച് ഈയിനത്തിൽ 855.80 കോടി രൂപ ലഭ്യമായിട്ടുണ്ട്. |
| (സി) വിദേശ സഹായ പദ്ധതികൾക്കുള്ള ധന സഹായവും അധിക കേന്ദ്ര സഹായവും എത്രയായിരുന്നു ; കൈവരിച്ചത് എത്ര കോടി ആണെന്ന് വ്യക്തമാക്കുമോ; | (സി) 2011-12 സാമ്പത്തിക വർഷത്തിൽ വിദേശ സഹായ പദ്ധതികൾക്കായി വായ്പായിനത്തിൽ സ്കീം ഓഫ് ഫിനാൻസിംഗ് പ്രകാരം 1033.41 കോടി രൂപ വകയിരുത്തിയിരുന്നു. താൽക്കാലിക കണക്ക് പ്രകാരം വിദേശ സഹായ പദ്ധതികൾക്കുള്ള വായ്പായിനത്തിൽ 407.15 കോടി രൂപയും അധിക കേന്ദ്രസഹായമായി (ഗ്രാന്റ്)18.4 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |
| (ഡി) എസ്.എൽ.ആർ. ആധാരമാക്കിയുള്ള പൊതുകടമെടുപ്പ് തുക എത്രയായിരുന്നു ; നേട്ടം എത്ര കോടി ; 13-ാം ധനകാര്യ കമ്മീഷന്റെ പ്രത്യേക ഗ്രാന്റുകൾ ലക്ഷ്യം എത്രയായിരുന്നു ; ലഭിച്ചത് എത്ര കോടിയെന്ന് വ്യക്തമാക്കാമോ? | (ഡി) 2011-12 സാമ്പത്തിക വർഷത്തിൽ എസ്.എൽ.ആർ ആധാരമാക്കി പൊതുവിപണിയിൽ നിന്നും എടുത്തിട്ടുള്ള കടം 8880 കോടി ആണ് (മൊത്തം). 13ാം ധനകാര്യ കമ്മീഷൻ അനുസരിച്ചുള്ള പ്രത്യേക ഗ്രാന്റുകളുടെ ലക്ഷ്യം 1225.69 കോടി രൂപയും ആയിനത്തിൽ ലഭ്യമായ തുക 1188.01 കോടി രൂപയുമായിരുന്നു. |

സെക്ഷൻ ഓഫീസർ